A - 8251





പ്രേഷിതൻ
ഹക്കീം . എം . എ.
16/360, HAJIRA MANZIL
PARAKUNNAM, H.P.O (PO)
PALAKKAD - 678001


സ്വീകർത്താവ്

ദി പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സപ്ലൈ ഓഫീസ്
പാലക്കാട്

27/12/16

സർ,

**വിഷയം : 2005 വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്.**

1) ഈ വകുപ്പിലും ഇതിന് കീഴിൽ വരുന്ന അനുബന്ധ വകുപ്പുകളിലും നിലവിൽ എത്ര ലൈറ്റ് മോട്ടോർ വാഹനങ്ങൾ സർക്കാർ അനുവദിച്ചിട്ടുണ്ട്? നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ എണ്ണം?

2) ഉപയോഗ യോഗ്യമല്ലാത്ത വാഹനങ്ങൾ ഉണ്ടെങ്കിൽ അവയുടെ കാലപ്പഴക്കവും, ഉപയോഗിക്കാൻ സാധിക്കാത്തതിന്റെ വിശദാംശങ്ങളും.

3) സ്ഥിരം ഡ്രൈവർ തസ്തികയുടെ എണ്ണമെത്ര. സ്ഥിരം ഡ്രൈവർമാർ ഉപയോഗിക്കുന്ന വാഹനങ്ങളിലെ ഇന്ധനച്ചെലവും അറ്റകുറ്റപണികൾ നടത്തുന്നതിന്റെ (മാസം തിരിച്ചുള്ള കണക്ക് 2015 ജനുവരി മുതൽ 2016 നവംബർ വരെ) വിശദീകരണം.

4) ഈ വകുപ്പിലും അനുബന്ധ വകുപ്പുകളിലും കൂടി (2017 ജനുവരി മുതൽ 2020 ഡിസംബർ വരെ ) വിരമിക്കുന്നവരുടെ എണ്ണം.

5) സർക്കാർ വാഹനങ്ങൾ അനുവദിക്കുന്നതോടൊപ്പം ഡ്രൈവർ തസ്തിക സൃഷ്ടിക്കണമെന്ന ഉത്തരവ് നിലനിൽക്കെ സ്ഥിരം ഡ്രൈവർമാരെ നിയമിക്കാത്തതിനുള്ള സാഹചര്യം വിശദാംശങ്ങൾ സഹിതം.

6) താത്കാലിക ഡ്രൈവർമാർ എത്ര എണ്ണം, അവരുടെ വേതനം (ടി.എ., മറ്റാനുകൂല്യങ്ങൾ) സംബന്ധിച്ച വിവരങ്ങൾ, പകർപ്പുകൾ സഹിതം വിശദമാക്കുക.

7) താത്കാലിക ഡ്രൈവർമാരെ നിയമിക്കുന്നതിന് പത്രത്തിൽ പരസ്യം ചെയ്യാറുണ്ടോ? ഉണ്ടെങ്കിൽ ആ പരസ്യത്തിന്റെ പകർപ്പ് (തീയതി, മാസം, വർഷം).

8) താത്കാലിക ഡ്രൈവർമാരെ നിയമിക്കുന്നതിന് പരീക്ഷകളോ, പ്രാക്ടിക്കൽ ടെസ്റ്റോ, ഇന്റർവ്യൂ ഇവ നടത്താറുണ്ടോ? ഉണ്ടെങ്കിൽ ആരെല്ലാം ഉൾപ്പെട്ട സമിതിയാണ് ഇതെല്ലാം നടത്തുന്നത്.

9) താത്കാലിക ഡ്രൈവർമാർ ഉപയോഗിക്കുന്ന വാഹനങ്ങളിലെ ഇന്ധനചെലവും അറ്റകുറ്റപ്പണികളുടെയും (മാസം തിരിച്ചുള്ള കണക്ക്, ജനുവരി 2015 മുതൽ 2016 നവംബർ വരെ) വിശദാംശങ്ങൾ, പകർപ്പുകൾ സഹിതം വിശദമാക്കുക.

10) സ്ഥിരം ഡ്രൈവർമാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കാറുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ.

പാലക്കാട്
2_/12/2016

എന്ന്,
ഹക്കീം. എം. എ
(signature)